പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2437 | 18-6-2014-ൽ മറുപടിക്ക്

ഫറോക്ക് ഗ്രാമപഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എളമരം കരീം. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് ഗ്രാമപഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്ന് കുടിവെള്ളം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് ഗ്രാമപഞ്ചായത്ത്, ജപ്പാൻ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുന്നില്ല. ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫീസിബിലിറ്റിയുടെ അടിസ്ഥാനത്തിൽ ഫറോക്ക് പഞ്ചായത്തിനു ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്ന് കുടിവെള്ളംനൽകാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (ബി) | ജൈക്ക ധനസഹായത്തോടെ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ ജലം ശേഖരിക്കുന്നതിനുള്ള ഇൻ ടേക്ക് വെല്ലിന്റെ പ്രവൃത്തി 90% പൂർത്തീകരിച്ചു. 174 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി 95% പൂർത്തീകരിച്ചു. 123 കി.മീ. ദൂരം വരുന്ന ട്രാൻസ്മിഷൻ മെയിനിന്റെ പ്രവൃത്തി 99% പൂർത്തീകരിച്ചു. പദ്ധതിക്കായി പണിയേണ്ട 20 റിസർവോയറിൽ 17 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. ശേഷിക്കുന്ന 3 എണ്ണത്തിന്റെ പ്രവൃത്തി നടന്നുവരുന്നു. 1650 കി.മീ. വരുന്ന വിതരണ ശൃംഖലയുടെ 65% പൂർത്തീകരിച്ചു. നിലവിലുള്ള കോഴിക്കോട് നഗരശുദ്ധജല പദ്ധതിയുടെ പുനരുദ്ധാരണ |

പ്രവർത്തനങ്ങൾ നടന്നുവരുന്നു. മൊത്തത്തിൽ കോഴിക്കോട് ജൈക്ക ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവൃത്തികൾ 90% പൂർത്തീകരിച്ചു.

(സി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും എന്നറിയിക്കുമോ?

(സി) കോഴിക്കോട് നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി സെപ്തംബർ 2014 അവസാനത്തോടെ ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ